# BHADRADEEPA

## Eparchy of Bhadravathi


DIOCESAN BULLETIN




Vol. 4 No. 1 March 2010

Year of the Priest


# പുതിയ പിതാക്കന്മാർക്ക് ഭദ്രാവതി രൂപതയുടെ അഭിനന്ദനങ്ങളും പ്രാർത്ഥനയും




മണ്ഡ്യ രൂപതയുടെ നിയുക്ത മെത്രാൻ
**മോൺ. ജോർജ്ജ് ഞരളക്കാട്ട്**




സീറോമലബാർ മേജർ ആർക്കി
എപ്പിസ്കോപ്പൽ കൂരിയ മെത്രാൻ
**മാർ ബോസ്കോ പുത്തൂർ**



താമരശ്ശേരി രൂപതയുടെ
നിയുക്ത മെത്രാൻ
**മോൺ. റെമിജിയൂസ് ഇഞ്ചനാനിക്കൽ**



തൃശൂർ അതിരൂപതയുടെ
നിയുക്ത സഹായമെത്രാൻ
**മോൺ. റാഫേൽ തട്ടിൽ**



ഇരിങ്ങാലക്കുട രൂപതയുടെ
നിയുക്ത മെത്രാൻ
**മോൺ. പോളി കണ്ണൂക്കാടൻ**



രാമനാഥപുരം രൂപതയുടെ
നിയുക്ത മെത്രാൻ
**മോൺ. പോൾ ആലപ്പാട്ട്**

# ഭദ്രദീപ

## ഭദ്രാവതി രൂപതാബുള്ളറ്റിൻ

Vol.4, No. 1 March - 2010

Edited & Published by Dr. Francis Allumpurath, O. Praem
Bishop's House, St. Joseph's Church, Sagar Road,
Shimoga - 577 204, Karnataka.

Cover Design : Ajai Elavuthinkal
Layout : Fr. Jiss Vettiyolil, mcbs
Printed at : Matha Prints, Bangalore

*for private circulation only*

# ഉള്ളടക്കം


| | |
|---|---|
| Message of His Holiness Pope Benedict XVI for Lent 2010 | 4 |
| ഇടയലേഖനം | 9 |
| Circular 1/2010 | 13 |
| Decree of Major Archbishop | 18 |
| Decree of Mar Joseph Arumachadath | 20 |
| രൂപതാകച്ചേരി വാർത്തകൾ | 22 |
| ചെറുപുഷ്പ മിഷൻലീഗ് | 28 |
| മതബോധനം | 30 |
| യുവജന പ്രേഷിതത്വം | 32 |
| കുടുംബ പ്രേഷിതത്വം | 34 |
| സാമൂഹ്യസേവന വിഭാഗം | 35 |
| അൾത്താര ബാലികാബാലന്മാരുടെ ക്യാമ്പ് | 38 |
| വൊക്കേഷൻ ബ്യൂറോ | 38 |
| Course on Communications and Media | 39 |
| ആശംസകൾ പ്രാർത്ഥനകൾ | 40 |
| Collections | 41 |
| Bishop's Dairy | 42 |
| Bishop's Program | 45 |

# MESSAGE OF HIS HOLINESS BENEDICT XVI FOR LENT 2010

***"The justice of God has been manifested through faith in Jesus Christ"* (cf. Rm 3, 21-22)**

Dear Brothers and Sisters!

Each year, on the occasion of Lent, the Church invites us to a sincere review of our life in light of the teachings of the Gospel. This year, I would like to offer you some reflections on the great theme of justice, beginning from the Pauline affirmation: "*The justice of God has been manifested through faith in Jesus Christ*" (cf. Rm 3, 21-22).

## Justice: "dare cuique suum"

First of all, I want to consider the meaning of the term "justice," which in common usage implies "to render to every man his due," according to the famous expression of Ulpian, a Roman jurist of the third century. In reality, however, this classical definition does not specify what "due" is to be rendered to each person. What man needs most cannot be guaranteed to him by law. In order to live life to the full, something more intimate is necessary that can be granted only as a gift: we could say that man lives by that love which only God can communicate since He created the human person in His image and likeness. Material goods are certainly useful and required – indeed Jesus Himself was concerned to heal the sick, feed the crowds that followed Him and surely condemns the indifference that even today forces hundreds of millions into death through lack of food, water and medicine – yet "distributive" justice does not render to the human being the totality of his "due." Just

as man needs bread, so does man have even more need of God. Saint Augustine notes: if "justice is that virtue which gives every one his due ... where, then, is the justice of man, when he deserts the true God?" (De civitate Dei, XIX, 21).

## What is the Cause of Injustice?

The Evangelist Mark reports the following words of Jesus, which are inserted within the debate at that time regarding what is pure and impure: "There is nothing outside a man which by going into him can defile him; but the things which come out of a man are what defile him ... What comes out of a man is what defiles a man. For from within, out of the heart of man, come evil thoughts" (Mk 7, 14-15, 20-21). Beyond the immediate question concerning food, we can detect in the reaction of the Pharisees a permanent temptation within man: to situate the origin of evil in an exterior cause. Many modern ideologies deep down have this presupposition: since injustice comes "from outside," in order for justice to reign, it is sufficient to remove the exterior causes that prevent it being achieved. This way of thinking – Jesus warns – is ingenuous and shortsighted. Injustice, the fruit of evil, does not have exclusively external roots; its origin lies in the human heart, where the seeds are found of a mysterious cooperation with evil. With bitterness the Psalmist recognises this: "Behold, I was brought forth in iniquity, and in sin did my mother conceive me" (Ps 51,7). Indeed, man is weakened by an intense influence, which wounds his capacity to enter into communion with the other. By nature, he is open to sharing freely, but he finds in his being a strange force of gravity that makes him turn in and affirm himself above and against others: this is egoism, the result of original sin. Adam and Eve, seduced by Satan's lie, snatching the mysterious fruit against the divine command, replaced the logic of trusting in Love with that of suspicion and competition;

the logic of receiving and trustfully expecting from the Other with anxiously seizing and doing on one's own (cf. Gn 3, 1-6), experiencing, as a consequence, a sense of disquiet and uncertainty. How can man free himself from this selfish influence and open himself to love?

## Justice and Sedaqah

At the heart of the wisdom of Israel, we find a profound link between faith in God who "lifts the needy from the ash heap" (Ps 113,7) and justice towards one's neighbor. The Hebrew word itself that indicates the virtue of justice, sedaqah, expresses this well. Sedaqah, in fact, signifies on the one hand full acceptance of the will of the God of Israel; on the other hand, equity in relation to one's neighbour (cf. Ex 20, 12-17), especially the poor, the stranger, the orphan and the widow (cf. Dt 10, 18-19). But the two meanings are linked because giving to the poor for the Israelite is none other than restoring what is owed to God, who had pity on the misery of His people. It was not by chance that the gift to Moses of the tablets of the Law on Mount Sinai took place after the crossing of the Red Sea. Listening to the Law presupposes faith in God who first "heard the cry" of His people and "came down to deliver them out of hand of the Egyptians" (cf. Ex 3,8). God is attentive to the cry of the poor and in return asks to be listened to: He asks for justice towards the poor (cf. Sir 4,4-5, 8-9), the stranger (cf. Ex 22,20), the slave (cf. Dt 15, 12-18). In order to enter into justice, it is thus necessary to leave that illusion of self-sufficiency, the profound state of closure, which is the very origin of injustice. In other words, what is needed is an even deeper "exodus" than that accomplished by God with Moses, a liberation of the heart, which the Law on its own is powerless to realize. Does man have any hope of justice then?

## Christ, the Justice of God

The Christian Good News responds positively to man's thirst for justice, as Saint Paul affirms in the Letter to the Romans: "But now the justice of God has been manifested apart from law ... the justice of God through faith in Jesus Christ for all who believe. For there is no distinction; since all have sinned and fall short of the glory of God, they are justified by His grace as a gift, through the redemption which is in Christ Jesus, whom God put forward as an expiation by his blood, to be received by faith" (3, 21-25). What then is the justice of Christ? Above all, it is the justice that comes from grace, where it is not man who makes amends, heals himself and others. The fact that "expiation" flows from the "blood" of Christ signifies that it is not man's sacrifices that free him from the weight of his faults, but the loving act of God who opens Himself in the extreme, even to the point of bearing in Himself the "curse" due to man so as to give in return the "blessing" due to God (cf. Gal 3, 13-14). But this raises an immediate objection: what kind of justice is this where the just man dies for the guilty and the guilty receives in return the blessing due to the just one? Would this not mean that each one receives the contrary of his "due"? In reality, here we discover divine justice, which is so profoundly different from its human counterpart. God has paid for us the price of the exchange in His Son, a price that is truly exorbitant. Before the justice of the Cross, man may rebel for this reveals how man is not a self-sufficient being, but in need of Another in order to realize himself fully. Conversion to Christ, believing in the Gospel, ultimately means this: to exit the illusion of self-sufficiency in order to discover and accept one's own need – the need of others and God, the need of His forgiveness and His friendship. So we understand how faith is altogether different from a natural, good-feeling, obvious fact: humility is required to accept that I need

Another to free me from “what is mine,” to give me gratuitously “what is His.” This happens especially in the sacraments of Reconciliation and the Eucharist. Thanks to Christ’s action, we may enter into the “greatest” justice, which is that of love (cf. Rm 13, 8-10), the justice that recognises itself in every case more a debtor than a creditor, because it has received more than could ever have been expected. Strengthened by this very experience, the Christian is moved to contribute to creating just societies, where all receive what is necessary to live according to the dignity proper to the human person and where justice is enlivened by love.

Dear brothers and sisters, Lent culminates in the Paschal Triduum, in which this year, too, we shall celebrate divine justice – the fullness of charity, gift, salvation. May this penitential season be for every Christian a time of authentic conversion and intense knowledge of the mystery of Christ, who came to fulfill every justice. With these sentiments, I cordially impart to all of you my Apostolic Blessing.

From the Vatican, 30 October 2009

**BENEDICTUS PP. XVI**

# ഇടയലേഖനം

ഭദ്രാവതി രൂപതയിലെ എല്ലാ വൈദികർക്കും, സന്യസ്തർക്കും, ദൈവജനത്തിനു മുഴുവനും.

മിശിഹായിൽ പ്രിയ സഹോദരങ്ങളെ,

വീണ്ടും ഒരു നോമ്പുകാലത്തിലേക്ക് നാം പ്രവേശിച്ചിരിക്കുകയാണ്. അനുതാപത്തിന്റെയും ജിവിത നവീകരണത്തിന്റേതുമായ ഈ നോമ്പ് ഫലപ്രദമാക്കാൻ ആവശ്യമായ കാര്യങ്ങൾ നമ്മുടെ വി. കുർബ്ബാനയിൽ നോമ്പുകാലത്തിന്റെ കാറോസൂസ പ്രാർത്ഥനയുടെ സമാപനത്തിൽ വൈദികൻ ചൊല്ലുന്ന പ്രാർത്ഥനയിൽ സമ്യക്കായി അവതരിപ്പിച്ചിട്ടുണ്ട്. ''യഥാർത്ഥമായ പ്രാർത്ഥനാചൈതന്യവും, സഹോദരസ്നേഹവും, ആത്മപരിത്യാഗവും പുലർത്തികൊണ്ട് ഈ നോമ്പുകാലം ഫലദായകമാക്കുവാൻ ഞങ്ങളെ സഹായിക്കണമേ'' എന്ന് വൈദികൻ അവിടെ പ്രാർത്ഥിക്കുന്നു.

പ്രാർത്ഥനയുടെ യഥാർത്ഥ ചൈതന്യമെന്നത് ദൈവസ്വരം ശ്രവിക്കുവാനും അതനുസരിച്ച് ജീവിതത്തെ ക്രമപ്പെടുത്തുവാനുമുള്ള പരിശ്രമമാണ്. ശബ്ദകോലാഹലങ്ങളുടെ ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ഉപകാരമില്ലാത്ത ഏറെ ശബ്ദങ്ങൾ നമ്മുടെ കാതുകൾ ഇന്നു ശ്രവിക്കുന്നു. അധികപ്രസംഗങ്ങളും, അസംബന്ധങ്ങളും നാം ഏറെ കേൾക്കുന്നു.ഐപോഡുകളും, എംപി 3 ഉപകരണങ്ങളും വഴി ഒഴുകിയെത്തുന്ന ഗാനങ്ങളും മറ്റും ഈയർഫോണുകൾ വഴി നമ്മുടെ ശ്രവണേന്ദ്രിയങ്ങളിലേക്ക് ഇരച്ചുകയറുമ്പോൾ ദൈവസ്വരമെന്നല്ല, സഹായത്തിനായി കേഴുന്ന സഹജീവികളുടെ സ്വരവും നാം ശ്രവിക്കുന്നില്ല, ശ്രവിക്കാൻ നാം താൽപര്യപ്പെടുന്നില്ല. ട്രെയിനിലോ ബസ്സിലോ യാത്ര ചെയ്യുമ്പോൾ ഒന്നു ശ്രദ്ധിച്ചേ, ലാപ്ടോപ്പുകളിലും, മൊബൈൽ ഫോണിലുമായി സമയം ചിലവഴിക്കുന്ന യാത്രക്കാരാണ് അധികവും. സഹയാത്രികനെ നോക്കി ഒന്നു പുഞ്ചിരിക്കാനോ, ഒരു വന്ദനം പറയാനോ പലരും ഇന്ന് താൽപര്യപ്പെടുന്നില്ല. ഇവിടെയാണ് മൗനം പാലിക്കുവാൻ

ഒപ്പം സഹജീവികളിലൂടെ നമുക്കായി ലഭിക്കുന്ന ദൈവസ്വരം ശ്രവിക്കുവാൻ ഈ നോമ്പുകാലം നമുക്ക് അവസരമൊരുക്കുന്നത്. ''നാഥാ അരുൾചെയ്താലും ദാസനിതാ ശ്രവിക്കുന്നു'' എന്നു പറഞ്ഞ സാമുവലിനേപ്പോലെ (1 സാമു. 3:10) ദൈവസ്വരത്തിനു നമുക്ക് കാതോർക്കാം. ദൈവവചനം ഹൃദയത്തിൽ സംഗ്രഹിച്ചു ധ്യാനിച്ച പരിശുദ്ധ മറിയം (ലൂക്കാ 2:52) നമുക്ക് മാതൃകയാവട്ടെ.

ദൈവസ്വരം ശ്രവിക്കുകയും അതു ജീവിതത്തിൽ അനുസരിക്കുകയും ചെയ്യുന്നവർക്ക് സഹോദരസ്നേഹത്തിൽ വളരാതിരിക്കാനാവില്ല. കാരണം സഹജീവികളിലൂടെയാണ് ദൈവസ്വരം ഇന്ന് നാം ശ്രവിക്കുന്നത്. അത് അവന്റെ/അവളുടെ ആവശ്യങ്ങളിലേക്കും വേദനകളിലേക്കുമുള്ള ഒരു തുറവിയാണ്. ഈ വർഷത്തെ നോമ്പുകാല സന്ദേശത്തിൽ പരി. പിതാവ് ബനഡിക്ട് 16-ാമൻ മാർപ്പാപ്പ നമ്മോടു പറയുന്നത് നീതിയേക്കുറിച്ചാണ്. ഓരോരുത്തനും അർഹിക്കുന്നത് നൽകുന്നതാണ് നീതി എന്ന റോമൻ നിയമത്തിലെ ഉൾപിയൻ പരാമർശത്തെ അനുസ്മരിപ്പിച്ച ശേഷം പിതാവ് നമ്മെ ഓർമ്മപ്പെടുത്തുകയാണ് ഓരോ വ്യക്തിക്കും അർഹിക്കുന്നതു മുഴുവനായി ഉറപ്പുവരുത്തുവാൻ നിയമത്തിനു സാധ്യമല്ല, മറിച്ച് ഓരോ വ്യക്തിയും ജീവിതം പൂർണ്ണതയിൽ ജീവിക്കാൻ ആവശ്യമായത് ദൈവ സ്നേഹമാകുന്ന ദാനത്തിലൂടെയാണ് സ്വീകരിക്കുന്നത് എന്ന്. അനുരഞ്ജനം, വി. കുർബ്ബാന എന്നീ കൂദാശകളിലൂടെ ദൈവസ്നേഹത്തിന്റെ നിറവ് അർഹിക്കുന്നതിലും അധികമായി സ്വീകരിക്കുന്ന നാം ഈ സ്നേഹം സഹജീവികളിലേക്കും ഒഴുക്കി കൊടുക്കുന്ന ചാനലുകളായി മാറണം എന്ന് പരി. പിതാവിന്റെ നോമ്പുകാല സന്ദേശം നമ്മെ ഓർമ്മിപ്പിക്കുന്നു. യേശുവിനെ കണ്ടുമുട്ടി കഴിഞ്ഞപ്പോൾ മറ്റുള്ളവരിൽ നിന്ന് അന്യായമായി തട്ടിയെടുത്തത് നാലിരട്ടിയായി തിരികെ കൊടുക്കുവാൻ സക്കേവൂസ് തയ്യാറാകുന്നു. മറ്റുള്ളവരുടെ തട്ടിയെടുത്ത സന്തോഷവും തകർത്തുകളഞ്ഞ ആത്മാഭിമാനവും തിരികെ നൽകാൻ ഇനിയെത്രകാലം ഞാൻ നോമ്പു നോക്കണം. അതിനു പരിഹാരം ചെയ്യാൻ, അവർക്കായി പ്രാർത്ഥിക്കാൻ ഈ നോമ്പുകാലത്ത് നാം തയ്യാറാകുമോ? തനിക്കു വിവാഹ നിശ്ചയം ചെയ്തിരിക്കുന്ന മറിയം താനറിയതെ


ഗർഭിണിയായിരിക്കുന്നു എന്ന സത്യം മനസ്സിലാക്കുന്ന ജോസഫിന് അവളെ വെറുക്കാൻ മതിയായ കാരണങ്ങളുണ്ടായിരുന്നിട്ടും, അതിനു ആവശ്യമായ നിയമമുണ്ടായിരുന്നിട്ടും ''അവളെ അപമാനിതയാക്കാൻ അവൻ ഇഷ്ടപ്പെട്ടില്ല'' (മത്താ. 1:19) എന്ന് സുവിശേഷം വ്യക്തമായി പറയുന്നു. അർഹിക്കുന്നതിലും അധികം നൽകുന്ന ജോസഫിന്റെ നീതിബോധം നമുക്ക് മാതൃകയാകട്ടെ.

ഇനിയും നോമ്പ് ആത്മപരിത്യാഗത്തിന്റെ അവസരമാകണം. കുറെ വ്രതഭംഗങ്ങളുടെയും, പിറുപിറുക്കലുകളുടെയും, പിന്നീടു കൂടുതൽ തീവ്രതയോടെ ലംഘിക്കാൻ തൽക്കാലികമായി നടത്തുന്ന ചില ഉപേക്ഷകളുടെയും ആകെത്തുകയാവരുത് നമ്മുടെ നോമ്പാചരണം. മറിച്ച് അത് ദൈവസ്വരം ശ്രവിക്കാനായുള്ള മൗനംഭജിക്കലിന്റെയും, അപരനിലേക്ക് ഒഴുകിയെത്തുന്ന ദൈവസ്നേഹത്തിന്റെ നിറവായ നീതിബോധത്തിന്റെയും അവസരമാകണം. അതിന് ജീവിതത്തിലേക്ക് ഒരു തിരിഞ്ഞുനോട്ടം നടത്തി മാറ്റങ്ങൾക്കും മാനസാന്തരത്തിനും തയ്യാറാകണം. യേശുവിനെ എന്റെ ജിവിതത്തിലേക്ക് നോക്കാൻ അനുവദിക്കുക, അവിടുന്നു നൽകുന്ന സന്ദേശം ഉൾക്കൊള്ളുക. അപ്പോൾ ആവശ്യമായ പരിത്യാഗങ്ങളിലൂടെ നാം മാനസാന്തരപ്പെടും. എന്നിൽ തിരുത്തപ്പെടേണ്ട കുറവുകൾ കാട്ടിത്തരേണ്ടത് യേശുവിന്റെ സ്നേഹകടാക്ഷമാണ്. അതായിരിക്കണം എന്റെ ആത്മപരിത്യാഗത്തിന്റെ വിഷയം, ഞാൻ സ്വയം കണ്ടെത്തുന്ന എനിക്കു സൗകര്യപ്രദമായ ചില പുണ്യാഭ്യാസങ്ങൾ മാത്രമാകരുത് അത്. എത്രനാൾ ഞാൻ നോമ്പുനോക്കി, എന്നിട്ടും എന്തേ എന്നിൽ മാറ്റമുണ്ടാകാത്തത്? പൂർണ്ണനാകാൻ ആഗ്രഹിച്ച യുവാവിനോട് യേശു പറഞ്ഞു ''നിനക്കൊരു കുറവുണ്ട്, നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്കു കൊടുക്കുക.'' അതൊരു കുറവായി ഉൾക്കൊള്ളാൻ ആ യുവാവിനു സാധിച്ചില്ല. യേശു അവനെ സ്നേഹപൂർവ്വം കടാക്ഷിച്ചു. എന്നാൽ അവനിൽ മാറ്റമുണ്ടായില്ല. യൂദാസ് യേശുവിനെ ഒറ്റിക്കൊടുത്തു. നിങ്ങളിൽ ഒരുവൻ എന്നെ ഒറ്റിക്കൊടുക്കുമെന്ന മുന്നറിയിപ്പോ, ചുംബനം കൊണ്ടാണോ മനുഷ്യപുത്രനെ ഒറ്റിക്കൊടുക്കുന്നതെന്ന സ്നേഹ പൂർവ്വകമായ ശകാരമോ അവനിൽ മാറ്റം വരുത്തിയില്ല. മൂന്നു പ്രാവശ്യം

യേശുവിനെ തള്ളിപ്പറഞ്ഞ പത്രോസിൽ യേശുവിന്റെ നോട്ടം മാനസാന്തരത്തിനു കാരണമായി. ''അവൻ പുറത്തുപോയി ഹൃദയം നൊന്തു കരഞ്ഞു'' (മത്താ. 26:75). ഈ നോമ്പുകാലം യേശു നമ്മുടെ ജീവിതത്തിലേക്ക് തിരിഞ്ഞുനോക്കട്ടെ. നമ്മിൽ തിരുത്തപ്പെടേണ്ട കുറവുകളെ അവിടുന്നു തന്നെ കാട്ടിത്തരട്ടെ. അതായിരിക്കട്ടെ നമ്മുടെ ആത്മപരിത്യാഗത്തിന്റെ വിഷയം. അതു നമ്മെ യഥാർത്ഥമായ പ്രാർത്ഥനാ ചൈതന്യത്തിലേക്കും, സഹോദരസ്നേത്തിലേക്കും നയിക്കട്ടെ. പത്രോസിനെപ്പോലെ നമുക്കും ഹൃദയം നൊന്തു കരയാം. ഇത് നമുക്ക് ഫലപ്രദമായ ഒരു നോമ്പാചരണമായിരിക്കട്ടെ.

ഉയിർപ്പുതിരുനാളിന്റെ മംഗളങ്ങൾ നിങ്ങളേവർക്കും നേരുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,



ഷിമോഗ
28-02-10

**മാർ ജോസഫ് അരുമച്ചാടത്ത്,**
ഭദ്രാവതി രൂപതയുടെ മെത്രാൻ

------------------

ഈ ഇടയലേഖനം 2010 മാർച്ച് 14-ാം തിയതി ഞായറാഴ്ച വി. കുർബാനമദ്ധ്യേ രൂപതയിലെ എല്ലാ പള്ളികളിലും വായിക്കേണ്ടതാണ്.

Vol.4, No.1, March 2010

# CIRCULAR 1 / 2010

ഭദ്രാവതി രൂപതയിലെ ബഹുമാനപ്പെട്ട വൈദികർക്കും സിസ്റ്റേഴ്സിനും ദൈവജനത്തിനു മുഴുവനും.

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

സീറോമലബാർ സഭാ സിനഡിന്റെ തീരുമാനപ്രകാരം, മാർപ്പാപ്പയുടെ അംഗീകാരത്തോടുകൂടി, സഭയിൽ പുതുതായി രണ്ടു രൂപതകൾ കൂടി സ്ഥാപിച്ചുകൊണ്ടും, ഭദ്രാവതി രൂപതയുടെ അതിർത്തി പുനഃനിർണ്ണയിച്ചു കൊണ്ടും, സഭയ്ക്ക് പുതുതായി 6 മെത്രാന്മാരെ നിയമിച്ചുകൊണ്ടും ഇക്കഴിഞ്ഞ ജനുവരി 18-ന് ഒരേ സമയം വത്തിക്കാനിലും, സഭാ ആസ്ഥാനമായ കാക്കനാട്ടെ മൗണ്ട് സെന്റ് തോമസിലും നടന്ന പ്രഖ്യാപനം നിങ്ങൾ അറിഞ്ഞുകാണുമല്ലോ? മാനന്തവാടി രൂപതയുടെ ഭാഗമായിരുന്ന കർണ്ണാടകയിലെ പ്രദേശങ്ങൾ ഉൾപ്പെടുത്തി പുതുതായി മണ്ഡ്യ രൂപതയും, പാലക്കാട് രൂപതയുടെ ഭാഗമായിരുന്ന തമിഴ്നാട്ടിലെ പ്രദേശങ്ങൾ ഉൾപ്പെടുത്തി രാമനാഥപുരം രൂപതയും സ്ഥാപിതമായിരിക്കുന്നു. അതോടൊപ്പം ഇതുവരെ നമ്മുടെ മാതൃരൂപതയായ മാനന്തവാടി രൂപതയുടെ ഭാഗമായിരുന്ന എൻ.ആർ.പുര റീജിയൻ ഉൾപ്പെടുന്ന ചിക്മഗളൂർ ജില്ല കൂടി കൂട്ടിച്ചേർത്തുകൊണ്ട് ഭദ്രാവതി രൂപതയുടെ അതിർത്തി പുനഃനിർണ്ണയിച്ചിരിക്കുന്നു. ഭാരത കത്തോലിക്കാസഭ മുഴുവനും, സീറോമലബാർ സഭ പ്രത്യേകമായും സന്തോഷിക്കുകയും ദൈവത്തിന് നന്ദിപറയുകയും ചെയ്യുന്ന അവസരമാണിത്. സഭയോടൊത്ത് നമുക്കും സന്തോഷിക്കുകയും, ദൈവത്തിന് നന്ദിപറയുകയും, ഒപ്പം ഏൽപിക്കപ്പെടുന്ന പുതിയ ഉത്തരവാദിത്വങ്ങൾ ദൈവഹിതപ്രകാരം പൂർത്തിയാക്കാൻ നമ്മെത്തന്നെ സമർപ്പിക്കുകയും ചെയ്യാം.

ഭദ്രാവതി രൂപതാംഗങ്ങളായ നമ്മെ സംബന്ധിച്ചിടത്തോളം പലരീതിയിൽ പ്രധാനപ്പെട്ടതാണ് ഈ പ്ര്യാപനങ്ങൾ. ഒന്നാമതായി, ബെൽത്തംഗടി, ഭദ്രാവതി രൂപതകൾക്കൊപ്പം മറ്റൊരു സീറോമലബാർ

രൂപത - മണ്ഡ്യരൂപത - കൂടി കർണ്ണാടക സംസ്ഥാനത്ത് സ്ഥാപിതമാകുന്നു എന്നതിൽ നമുക്ക് അഭിമാനിക്കാം, സന്തോഷിക്കാം. പുതുതായി സ്ഥാപിതമാകുന്ന മണ്ഡ്യ രൂപതയുടെ പ്രഥമ മെത്രാനായി നിയമിതനായിരിക്കുന്നത് മാനന്തവാടി രൂപതാംഗവും, ഇതുവരെ ഭദ്രാവതി രൂപതയുടെ വികാരി ജനറാളുമായിരുന്ന പെരി. ബഹു. മോൺ. ജോർജ്ജ് ഞരളക്കാട്ട് അച്ചനാണ് എന്ന കാര്യം നമ്മുടെ സന്തോഷം വർദ്ധിപ്പിക്കുന്നു. ഭദ്രാവതി രൂപതയുടെ അജപാലനപരവും ഭരണപരവുമായ കാര്യങ്ങൾക്ക് അടിസ്ഥാനമിട്ട്, രൂപഭാവങ്ങൾ നൽകുന്നതിൽ പെരി. ബഹു. ഞരളക്കാട്ടച്ചൻ ചെയ്തിട്ടുള്ള നിസ്തുല സേവനങ്ങൾ ഒരിക്കലും വിസ്മരിക്കാവുന്നതല്ല. കഴിഞ്ഞ രണ്ടു വർഷത്തോളമായി ഭദ്രാവതി രൂപതയ്ക്ക് അച്ചൻ നൽകിയ വിലമതിയാത്ത ശുശ്രൂഷകൾക്ക് രൂപതാംഗങ്ങളുടെ മുഴുവൻ പേരിൽ ഞാൻ ഹൃദയപൂർവ്വം നന്ദിയർപ്പിക്കുന്നു. ഒപ്പം മണ്ഡ്യരൂപതയുടെ പ്രഥമ മെത്രാനായി സ്ഥാനമേൽക്കുന്ന അദ്ദേഹത്തെ ഹൃദയപൂർവ്വം അഭിനന്ദിക്കുകയും പുതിയ രൂപതയെ ദൈവഹിതപ്രകാരം നയിക്കുന്നതിനാവശ്യമായ എല്ലാ ദൈവാനുഗ്രഹങ്ങളും നേരുകയും ചെയ്യുന്നു. പുതിയ രൂപതയ്ക്കും പിതാവിനും വേണ്ടി നമുക്ക് ഹൃദയപൂർവ്വം പ്രാർത്ഥിക്കാം.

ഭദ്രാവതിരൂപതയെ സംബന്ധിച്ച് സവിശേഷപ്രാധാന്യമുള്ള മറ്റൊരു കാര്യം എൻ. ആർ. പുര റീജിയൻ ഉൾപ്പെടുന്ന ചിക്കമഗളൂർ ജില്ല കൂടി കൂട്ടിച്ചേർത്തുകൊണ്ട് രൂപതാതിർത്തി പുനഃനിർണ്ണയം ചെയ്തിരിക്കുന്നു എന്നതാണ്. ഷിമോഗ, ചിക്കമഗളൂർ സിവിൽ ജില്ലകൾ ഒരുമിച്ചുചേർന്നുള്ള ഭൂപ്രദേശമായിരിക്കും ഇനി മുതൽ ഭദ്രാവതിരൂപതയുടെ അജപാലനാധികാരപരിധി. വിശ്വാസജീവിതത്തിലും, സംസ്കാരത്തിലും, ഭൂപ്രകൃതിയിലും, കാലവസ്ഥയിലുമെല്ലാം ഏറെ സമാനതകളുള്ള ഈ പ്രദേശങ്ങൾ ഒരുമിച്ച് ഒരു രൂപതയുടെ കീഴിൽ വരുന്നത് സീറോമലബാർ സഭയ്ക്ക് പൊതുവെയും, ഈ പ്രദേശത്തെ ദൈവജനത്തിന് പ്രത്യേകമായും സൗകര്യപ്രദവും അവരുടെ ആദ്ധ്യാത്മിക, ഭൗതിക വളർച്ചക്ക് സഹായകരവുമാണെന്ന ബോധ്യത്തിൽ നിന്നാണ് സിനഡ് ഇപ്രകാരമൊരു തീരുമാനമെടുത്തത്. സിനഡു പിതാക്കന്മാരിലൂടെ വെളിപ്പെടുത്തപ്പെടുന്ന

ദൈവഹിതമായി മനസ്സിലാക്കി നമുക്ക് ഈ തീരുമാനത്തെ സന്തോഷത്തോടും, പൂർണ്ണമനസ്സോടും കൂടെ സ്വീകരിക്കാം. പുതുതായി ഭദ്രാവതിരൂപതയുടെ ഭാഗമാകുന്ന പ്രദേശത്ത ദൈവജനത്തെ ഒന്നാകെ രൂപതാ കുടുംബത്തിലേക്ക് ഞാൻ ഏറ്റം ഹൃദ്യമായി സ്വാഗതം ചെയ്യുന്നു.

അതിർത്തി പുനഃനിർണ്ണയത്തിലൂടെ നമ്മുടെ രൂപതയിലെ പള്ളികളുടെയും, സ്ഥാപനങ്ങളുടെയും, ദൈവജനത്തിന്റെയും സംഖ്യ/എണ്ണം നിലവിലുള്ളതിന്റെ ഇരട്ടിയിലധികമാവുകയാണ്. ഇത് രൂപതയ്ക്ക് കൂടുതൽ ഉത്തരവാദിത്വങ്ങൾ നൽകുന്നതോടൊപ്പം പുതിയ സാദ്ധ്യതകളും തുറന്നുതരുന്നു. ഉത്തരവാദിത്വങ്ങളെ ദൈവഹിതമനുസരിച്ച് നിറവേറ്റാൻ നമുക്കു പരിശ്രമിക്കാം. ഒപ്പം പുതിയ സാദ്ധ്യതകളെ ഉപയോഗപ്പെടുത്തി, നമ്മുടെ സഭയുടെ തനതായ പാരമ്പര്യത്തിനനുസൃതമായി ആദ്ധ്യാത്മികമായും, ഭൗതികമായും വളരുന്നതിന് ഒരേ ഹൃദയത്തോടും, മനസ്സോടും കൂടി ഒറ്റക്കുടുംബമായി നമുക്കു മുന്നേറാം.

എൻ.ആർ.പുര റീജിയനെക്കുറിച്ച് ചിന്തിക്കുമ്പോൾ നാളിതുവരെ അവിടെ അജപാലന, പ്രേഷിതപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ അഭിവന്ദ്യപിതാക്കന്മാരെയും, വൈദികരെയും, സന്യസ്തരെയും നന്ദിയോടെ ഓർക്കാതെവയ്യ. മാനന്തവാടി രൂപതയെ നയിച്ച അഭിവന്ദ്യ ജേക്കബ് തൂങ്കുഴി പിതാവിനെയും, ദിവംഗതനായ എമ്മാനുവൽ പോത്തനാമൂഴി പിതാവിനെയും ഞാനിവിടെ നന്ദിയോടെ അനുസ്മരിക്കുന്നു. അതിർത്തി പുനഃനിർണ്ണയത്തിന്റെ എല്ലാ സങ്കേതിക കാര്യങ്ങളും ഏറെ നന്നായി പൂർത്തിയാക്കിയ അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവും നമ്മുടെ കൃതജ്ഞതയും പ്രാർത്ഥനയും അർഹിക്കുന്നു.

1995 കാലഘട്ടം വരെ ഈ പ്രദേശത്തെ അജപാലന, പ്രേഷിത പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ കർമ്മലീത്ത സന്യാസികളെയും, തലശ്ശേരി അതിരൂപതയിലെയും, മാനന്തവാടി രൂപതയിലെയും ബഹു. വൈദികരെയും നാം നിറഞ്ഞ നന്ദിയോടെ ഓർക്കുകയും, അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യണം.

1994/95 മുതൽ നാളിതുവരെ എൻ.ആർ.പുര റീജന്റെ അജപാലന


ശുശ്രൂഷയും വികസനപ്രവർത്തനങ്ങളും നിർവ്വഹിക്കുന്നത് മാനന്തവാടി നോർബർട്ടൈൻ സമൂഹത്തിലെ വൈദികരുടെ നേതൃത്വത്തിലാണ്. മാനന്തവാടി നോർബർട്ടൈൻ സഭാംഗങ്ങളുടെ ആത്മാർത്ഥമായ അദ്ധ്വാനഫലമായി ഈ പ്രദേശം ആദ്ധ്യാത്മികമായും, ഭൗതികമായും വളരെയേറെ വളർച്ച പ്രാപിച്ചു. ഈ കാലയളവിൽ ഇവിടുത്തെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ മാനന്തവാടി നോർബർട്ടൈൻ സമൂഹത്തിലെ സുപ്പീരിയർമാരെയും, ശുശ്രൂഷ നിർവ്വഹിച്ചു കടന്നു പോയവരും, ശുശ്രൂഷ ചെയ്തുകൊണ്ടിരിക്കുന്നവരുമായ എല്ലാ ബഹു. വൈദികരെയും ഏറ്റം നന്ദിയോടെ അനുസ്മരിക്കുന്നു. ഒപ്പം നോർബർട്ടൈൻ സമൂഹത്തിലെ ബഹു. വൈദികരുടെ സാന്നിദ്ധ്യവും ശുശ്രൂഷയും ഭദ്രാവതിരൂപതയ്ക്ക് തുടർന്നും ലഭിക്കുമെന്നും നമുക്ക് പ്രത്യാശിക്കാം.

ഭദ്രാവതി രൂപതയെ സംബന്ധിച്ച് വളരെ പ്രാധാന്യമുള്ള മറ്റൊരു കാര്യം കൂടി ഇതിനാൽ നിങ്ങളെ അറിയിക്കുവാൻ ഞാനാഗ്രഹിക്കുന്നു. നമ്മുടെ രൂപതയുടെ സ്ഥാപന ഡിക്രി അനുസരിച്ച്, രൂപതാസ്ഥാനത്ത് പുതിയ കത്തീദ്രൽ ദേവാലയം നിർമ്മിക്കുന്നതുവരെ രൂപതയുടെ പ്രാഥമിക ഭദ്രാസന (Pro-Cathedral) ദേവാലയമായി നിശ്ചയിച്ചു നൽകപ്പെട്ടത് ഇഡുവള്ളി വി. അന്തോനീസിന്റെ നാമത്തിലുള്ള ദേവാലയമായിരുന്നു. മാറിയ സാഹചര്യത്തിൽ ഇക്കാര്യത്തെക്കുറിച്ചും പുനർവിചിന്തനം ആവശ്യമായി വന്നിരിക്കുന്നു. പുനഃനിർണ്ണയിച്ച അതിർത്തിയോടുകൂടിയ ഭദ്രാവതി രൂപതയിലെ ഏറ്റവും വലിയ ഇടവകയാണ് എൻ.ആർ.പുര ചെറുപുഷ്പ ഇടവക. പുതുതായി പണികഴിപ്പിച്ച മനോഹരമായ ദേവാലയവും ഈ ഇടവകക്കു സ്വന്തം. രൂപതാ കേന്ദ്രത്തിൽ കത്തീദ്രൽ പള്ളിക്കായി പുതിയ സ്ഥലം കണ്ടെത്തുന്നതും പുതിയ ദേവാലയം പണികഴിപ്പിക്കുന്നതുമെല്ലാം ബാലാരിഷ്ടതകൾ പിന്നിട്ടിട്ടില്ലാത്ത രൂപതയ്ക്ക് വലിയ സാമ്പത്തിക ഭാരം വരുത്തും എന്ന വസ്തുതയും കണക്കിലെടുക്കണം. ഈ വസ്തുതകളെല്ലാം പരിഗണിച്ച് എൻ.ആർ.പുര ചെറുപുഷ്പ ദേവാലയത്തെ ഭദ്രാവതിരൂപതയുടെ കത്തീദ്രലായി ഉയർത്തണമെന്ന നിർദ്ദേശത്തെ സീറോമലബാർ സഭാ മേജർ ആർച്ച്

ബിഷപ്പ് കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ പിതാവ് അംഗീകരിച്ചിരിക്കുന്നു. ഇക്കാര്യം 2010 ഫെബ്രുവരി 21-ാം തിയതി ഞായറാഴ്ച അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവിന്റെയും, ഭദ്രാവതിയിലെ ബഹു. വൈദികരുടെയും, സന്യസ്ഥരുടെയും, ദൈവജനത്തിന്റെയും സാന്നിദ്ധ്യത്തിൽ നടക്കുന്ന ദിവബലി മദ്ധ്യേ ഔദ്യോഗികമായി പ്രഖ്യാപിക്കുന്നതും, തുടർന്ന് ഭദ്രാവതി രൂപതാദ്ധ്യക്ഷൻ എൻ.ആർ.പുര ചെറുപുഷ്പ ദേവാലയത്തെ തന്റെ ഭദ്രാസന ദേവാലയമായി സ്വീകരിക്കുന്നതുമാണ്. 2010 ഫെബ്രുവരി 21-ാം തിയതി ഞായറാഴ്ച്ച ഉച്ചകഴിഞ്ഞ് 3.00 മണിക്ക് എൻ.ആർ.പുര ചെറുപുഷ്പ ദേവാലയത്തിൽ നടക്കുന്ന തിരുക്കർമ്മങ്ങളിൽ നമ്മുടെ രൂപതയിലെ കഴിയുന്നത്ര വിശ്വാസികളും, എല്ലാ വൈദികരും, സിസ്റ്റേഴ്സും പങ്കെടുക്കണമെന്നും, നമ്മുടെ രൂപതക്കുവേണ്ടി പ്രാർത്ഥിക്കണമെന്നും അനുസ്മരിപ്പിക്കുകയും, എല്ലാവരെയും തിരുക്കർമ്മങ്ങളിലേക്ക് സ്നേഹപൂർവ്വം ക്ഷണിക്കുകയും ചെയ്യുന്നു.

നമ്മുടെ രൂപതയെ ഒന്നായി, ഒരു കുടുംബമായി നയിക്കാൻ ആവശ്യമായ എല്ലാ കൃപകളും എനിക്കു ലഭിക്കാൻ നിങ്ങളുടെ പ്രാർത്ഥന ഞാൻ യാചിക്കുന്നു. നിങ്ങൾക്കേവർക്കും ധാരാളം ദൈവാനുഗ്രഹം നേർന്നുകൊണ്ട്,

ഈശോയിൽ സ്നേഹപൂർവ്വം,



മാർ ജോസഫ് അരുമച്ചാടത്ത്
ഭദ്രാവതി രൂപതയുടെ മെത്രാൻ

-----------------

2010 ഫെബ്രുവരി 7-ാം തിയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ രൂപതയിലെ എല്ലാ പള്ളികളിലും വായിക്കുവാൻ 2010 ജനുവരി 30-ാം തിയതി രൂപതാ കാര്യാലയത്തിൽ നിന്നും നൽകപ്പെട്ടത്.

# DECREE

**Prot. No. 63/2010**

In order to preserve and strengthen the growth and vitality of a community of faithful appropriate juridical and hierarchical structures are to be created or they have to be reorganized which could then better take care of the overall developments of that community. In many cases, dividing a bigger entity into smaller units or reorganizing its boundaries would ensure better growth and faster development. Accordingly with the prior consultation with the Holy See and the consent of the XIV Synod (2006), Session I of the Synod of Bishops of the Syro-Malabar Church the eparchy of Mananthavady was bifurcated and a new eparchy was erected by name Bhadravathi by my decree dated 21 August 2007, Prot. No. 673/2007. However, while discussing the proposal for the erection of a new eparchy by name Mandya with the remaining areas of the eparchy of Mananthavady in the State of Karnataka, the synod suggested that it would be better to transfer one civil district, called Chickmagalur, that lies on the extreme north of the eparchy of Mananthavady to the eparchy of Bhadravathi, taking into consideration the distance from this area to the new Episcopal see of Mandya and the Bishop's residence which is about 150 kms away from the district of Chickmagalur while it is much closer to Bhadravathi and the interest of the faithful of the area about the transfer. Therefore, the Synod of Bishops of the Syro Malabar Church held from 11 to 15 January 2010 at Mount St Thomas gave its assent to the proposal of transferring the civil district of Chickmagalur to the eparchy of Bhadravathi.

Therefore, after due consultations in various fora and after having obtained the consent of the Synod and the Assent of the Holy See, thus having fulfilled everything required in law, I, Varkey Cardinal Vithayathil, the Major Archbishop of the Syro Malabar Church, by virtue of the authority vested in me and in accordance with CCEO c. 85 §1, herby decree the transfer of the civil district of Chickmagalur belonging to the eparchy of Mananthavady, to the eparchy of Bhadravathi and thus extend the territory of the eparchy of Bhadravathi to include also the civil district of Chickmagalur. This decree is given in perpetuity for the faithful adherence and loyal observance by everyone concerned with the matter dealt with in this decree.

Given at Kakkanad from the Major Archiepiscopal Curia of the Syro Malabar Church at Mount St. Thomas on 18th day of the month of January of the year Two Thousand and Ten.

Sd/-
Fr. AntonyKollannur
Chancellor,
Major Archiepiscopal Curia

Sd/-
Varkey Cardinal Vithayathil
Major Archbishop
of the Syro Malabar Church

# DECREE

**Prot. No. 25/2010**

The eparchy of Bhadravathi was erected, as per the decision of the Synod of Bishops of the Syro-Malabar Church and with the Assent of the Holy See, through the decree (Prot. No. 673/2007) of the Major Archbishop Mar Varkey Cardinal Vithayathil on 21st August 2007 bifurcating the eparchy of Mananthavady and assigning the civil district of Shimoga in Karnataka State as the territory of the new eparchy and raising St. Antony's Parish Church, Iduvally as its Pro-Cathedral until a new Cathedral is built (in Bhadravathi). After having obtained the consent of the Synod and the Assent of the Holy See, the same Major Archbishop has further decreed on 18th January 2010 (Prot. No. 63/2010) the transfer of the civil district of Chickmagalur belonging to the eparchy of Mananthavady, to the eparchy of Bhadravathi and thus extending the territory of the eparchy of Bhadravathi to include also the civil district of Chickmagalur.

After taking into serious consideration the various aspects of the changed situation of the eparchy of Bhadravathi due to the extension of its territory to include also the civil district of Chickmagalur, with due consultations and after informing the Major Archbishop, I, Joseph Arumachadath, the Bishop of Bhadravathi, by virtue of the authority vested in me hereby raise Little Flower Church, Narasimharajapura, in the civil district of Chickmagalur, as the Cathedral of the eparchy of Bhadravathi.

All contrary dispositions not withstanding,

Given at Shimoga from the office of the Bishop of Bhadravathi on 21st February, 2010 under my seal and signature

Fr. Francis Allumpurath O. Praem
Chancellor

+ Joseph Arumachadath mcbs
Bishop of Bhadravathi

# രൂപതാകച്ചേരി വാർത്തകൾ

## വി. യൗസേപ്പിതാവിന്റെ തിരുനാൾ, അഭിവന്ദ്യപിതാവിന്റെ നാമഹേതുകതിരുനാൾ

തിരുക്കുടുംബത്തിന്റെ സംരക്ഷകനും തിരുസഭയുടെ കാവൽക്കാരനും നമ്മുടെ രൂപതയുടെ മദ്ധ്യസ്ഥനുമായ വി. യൗസേപ്പിതാവിന്റെ തിരുനാൾ മാർച്ച് 19-നാണല്ലോ. നമ്മുടെ രൂപതയേയും ദൈവജനം മുഴുവനേയും യൗസേപ്പിതാവിനു സമർപ്പിക്കാം. നമ്മുടെ അഭിവന്ദ്യപിതാവിന്റെ നാമഹേതുകദിനമായ അന്ന് പിതാവിനെ പ്രത്യേകമായി യൗസേപ്പിതാവിന്റെ മാദ്ധ്യസ്ഥത്തിനു ഏൽപ്പിക്കാം. ദൈവഹിതാനുസരണം രൂപതയ്ക്ക് ശുശ്രൂഷ ചെയ്യുവാനുള്ള കൃപയും ശക്തിയും ആത്മാഭിഷേകവും ലഭിക്കുവാനായി പിതാവിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കാം. രൂപത മുഴുവന്റേയും നാമത്തിൽ പിതാവിനു സ്നേഹനിർഭരമായ തിരുനാൾ മംഗളങ്ങൾ നേരുന്നു. യൗസേപ്പിതാവിന്റെ നാമധാരികളായ എല്ലാ വൈദികർക്കും, സമർപ്പിതർക്കും, അൽമായസഹോദരർക്കും തിരുനാൾ ആശംസകൾ.

2010 മാർച്ച് 19-ന് വൈകുന്നേരം 5 മണിക്ക് ഷിമോഗ സെ. ജോസഫ് ദേവാലയത്തിൽ വച്ച് അഭിവന്ദ്യപിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടത്തപ്പെടുന്ന ദിവ്യബലിയിൽ രൂപതയിലെ എല്ലാ ബഹു. വൈദികരും, സന്യാസഭവനങ്ങളിലെ പ്രതിനിധികളും, പാസ്റ്ററൽകൗൺസിൽ അംഗങ്ങളും പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു, സ്നേഹപൂർവ്വം ക്ഷണിക്കുന്നു. ഇടവകകളിലെ അന്നേദിവസത്തെ കുർബാന അതനുസരിച്ച് ക്രമീകരിക്കുവാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

## ആലോചനാസമതി

രൂപതാ ആലോചനാസമതി 2010 ജനുവരി 23-ന് രാവിലെ 10.30-ന് ബിഷപ്സ് ഹൗസിൽ അഭിവന്ദ്യപിതാവിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് മണ്ഡ്യരൂപതയുടെ നിയുക്ത മെത്രാൻ മോൺ. ജോർജ്ജ്

ഞരളക്കാട്ടിന് അനുമോദനങ്ങളും ആശംസകളും നേർന്നു. ഭദ്രാവതി രൂപതയുടെ അതിർത്തി പുനഃനിർണ്ണയത്തെ തുടർന്നുള്ള കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും എൻ.ആർ. പുര ചെറുപുഷ്പ ദേവാലയത്തെ കത്തീദ്രലായും ഒപ്പം ഫൊറോനാ പള്ളിയായും ഉയർത്തുവാനും ചിക്കമംഗളൂർ ജില്ലയിൽ ഇപ്പോൾ നിലവിലുള്ള എല്ലാ ഇടവകകളും എൻ.ആർ.പുര ഫൊറോനയുടെ കീഴിലാക്കുവാനും തീരുമാനമെടുത്തു. മറ്റു രൂപതാ കൗൺസിലുകൾ, സമതികൾ എന്നിവയുടെ അവശേഷിക്കുന്ന കാലവധിയിലേക്ക് എൻ.ആർ.പുര ഫൊറോനായിൽ നിന്നും പ്രതിനിധികളെ ഉൾപ്പെടുത്തി പുനഃരൂപീകരിക്കാനും, പുരോഹിത വർഷാചരണത്തിന്റെ രൂപതാതല സമാപന ആഘോഷങ്ങൾ 2010 മെയ് 16-ന് മാച്ചിനഹള്ളി ജോർദ്ദാൻ മുക്തിസദനിൽ നടത്തുവാനും തീരുമാനിച്ചു.

# Appointment

**Fr. Martin Vattamattathil mcbs**
(9480955005)
: Asst. Director, Malanad Social Service Society
& Asst. Vicar, St. Joseph's Forane Church, Shimoga

## ഇടവകപൊതുയോഗങ്ങൾ, പാരീഷ് കൗൺസിൽ

2009-2010-ലെ വാർഷിക കണക്കുകൾ, 2010-2011 വർഷത്തേക്കുള്ള ബഡ്ജറ്റ് എന്നിവ അവതരിപ്പിക്കുന്നതിനും, 2010-2011 വർഷത്തേക്കുള്ള കൈക്കാരന്മാരെ തിരഞ്ഞെടുക്കുന്നതിനുമുള്ള പൊതുയോഗം എല്ലാ ഇടവകകളിലും 2010 മാർച്ച് 28-നോ അതിനു മുമ്പുള്ള ഞായറാഴ്ചയോ ചേരേണ്ടതാണ്. തിരഞ്ഞെടുപ്പിൽ മാനന്തവാടി രൂപതാനിയമാവലി 151-152 പേജിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുക.

